# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

Scanned with CamScanner

## ആമുഖം.

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ ചെറുകോൽ ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ റാന്നി-കോഴഞ്ചേരി റൂട്ടിൽ കീക്കൊഴൂർ ജംഗ്ഷനിൽ നിന്ന് ഉതിമൂട് റോഡിൽ 300 മീറ്റർ അകലെയാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്.

### ഫീഡിംഗ് സ്കൂളുകൾ.

ഗവ. എൽ. പി. എസ് കീക്കൊഴൂർ

സി. എം. എസ്. എൽ. പി.എസ് വയലത്തല.

എം. റ്റി. എൽ. പി. എസ് കീക്കൊഴൂർ ഈസ്റ്റ്.

സ്ഥാപിത വർഷം :- 1924

സ്ഥാപകൻ :- എഡ്വിൻ ഹണ്ടർ നോയൽ.

ആദ്യകാലത്ത് ഇത് ഒരു ഇംഗ്ലീഷ് വിദ്യാലയം ആയിരുന്നു. അക്കാലത്ത് ഈ പ്രദേശത്ത് മറ്റു വിദ്യാലയങ്ങൾ ഒന്നും ഇല്ലാതിരുന്നതിനാൽ ഇവിടെയുള്ള ജനങ്ങൾക്ക് അക്ഷരാഭ്യാസം ലഭിക്കുന്നതിനു വേണ്ടിയാണ് നോയൽ മിഷനറി ഈ വിദ്യാലയം സ്ഥാപിച്ചത്. ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളിൽ പലരും ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച മുണ്ടപ്ലാക്കൽ തടാകത്തിൽ കടക്കേത്ത് പരേതനായ മാത്യു ഈ സ്കൂളിലെ പൂർവ്വ വിദ്യാർ

ക്ഷിയായിരുന്നു. ശാന്ത സുന്ദരമായ അന്തരീക്ഷത്തിൽ പ്രൗഢിയോടെ നിലകൊള്ളുന്ന ഈ വിദ്യാലയം കിടങ്ങന്നൂർ പ്രദേശത്തിന്റെ അഭിമാനമാണ്. പഴമയുടെ സൗന്ദര്യം കാത്തു സൂക്ഷിക്കുന്ന ഈ വിദ്യാലയം അനേകം ചലച്ചിത്ര ചിത്രീകരണത്തിന് വേദിയായിട്ടുണ്ട്.

2023-2024 അധ്യയന വർഷത്തിൽ PTA, ജനപ്രതിനിധികൾ, പൊതുസമൂഹം, BRC തുടങ്ങിയവരുടെ സഹകരണത്തോടെ 50-ൽ അധികം വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അവയിൽ തന്നെ സാമൂഹ്യ പ്രാധാന്യമുള്ള പ്രവർത്തനങ്ങളായി 'കൈത്താങ്ങ്' എന്ന പദ്ധതിയിലൂടെ ഡയാലിസിസ് രോഗിക്ക് ചികിത്സാ സഹായം നൽകാൻ സാധിച്ചു. കുട്ടികളുടെ സർഗാത്മക കഴിവുകളെ വികസിപ്പിക്കുന്നതിന് 'നവദളം' പ്രതിമാസ പത്രം എല്ലാമാസവും തയ്യാറാക്കുന്നു.

## നേട്ടങ്ങൾ

* 2024-25 ൽ സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ കുട്ടികളെ പങ്കെടുപ്പിച്ചു. അതിൽ മുഴുവൻ കുട്ടികളും സ്കോളർഷിപ്പ് നേടി. അഞ്ചാം ക്ലാസിലെ ദേവനന്ദ കോഴഞ്ചേരി സബ് ജില്ലയിൽ ഒന്നാം സ്ഥാനം ലഭിച്ചു.
* സ്കൂൾ മികവ് പ്രവർത്തനം 'Fly high with English' സബ് ജില്ലയിൽ മികച്ച പ്രവർത്തനമായി തിരഞ്ഞെടുക്കപ്പെട്ടു.

മേഖല :- മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | ഉണർവ് അവധിക്കാലം. പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരത്തിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം. | | |
| | ഭാഷാ കേളി - അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | " | | |
| | വാക്കുകളിൽ നിന്നു വാക്യത്തിലേക്ക് :- അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | " | | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ശീലം വരുത്തുക. | വാർത്താ ലോകത്തേക്ക് പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ | | | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| | എന്നിവ പഠിതാക്കൾ വായിക്കുകയും വ്യക്തിത്വ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യുന്നു.<br><br><u>വാർത്താ വായന</u><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവസവും. | | |
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | | | |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear – ലളിതവും രസകരവുമായി English record ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ. | ഇംഗ്ലീഷ് ക്ലബ്ബ്. |
| | Follow Me If you can – Englishൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | | |
| | Breaking News – English Radio വാർത്തകൾ Record ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | | |
| | Missing Man – അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം record ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| | Treasure Hunt - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ ടീമാക്കുന്നു. ഓരോ ടീമുകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. point നൽകുന്നു. | ആഗസ്റ്റ്. | | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too can - വ്യത്യസ്ത തലങ്ങളിലുള്ള വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനങ്ങൾ ലഭിക്കുകയും ചെയ്യുന്നു. | ജൂലൈ | | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre Radio രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | Term-ൽ 1 തവണ | | |
| | Reader of the Month - English ദിനപത്രം വായിക്കുവാൻ അവസരം | | | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| | നൽകി Reader of the month നെ തിരഞ്ഞെടുക്കുന്നു. | മാസം തോറും. | | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാകുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി class magazine മിനി പതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം. [illegible] | | |
| | Alert zone - സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ പരിസരത്തും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | | |
| | Run Baby Run - class നെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം ഓടിവന്ന് ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും കൂടുതൽ വാക്യങ്ങൾ തെറ്റു കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | | | |
| | Fun time funda - കടംകഥകൾ കുസൃതി ചോദ്യങ്ങൾ, ഫലിത | | | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| | ങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഫലപ്രദ ഇംഗ്ലീഷ് പഠനം. | | |
| 1. English ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് Camp നടത്തുന്നു. 5,6,7 class-ലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>5-ാം class ന് കഥാപാത്രം, കഥയെഴുത്ത് 6ന് Role play നാടകം എന്നിവ ഉൾച്ചേർന്ന വേഷതായി 7-ാം class ന് കവിത ആലാപനം തുടങ്ങിയവ. Camp ന് ഒടുവിൽ ഡോക്യുമെന്റി / പതിപ്പ് ഒരുക്കാം. | വർദ്ധിത വിശ്വാസം. | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| Programme | Activity | Duration | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| U.P തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പാക്കൽ. | അക്ഷരം എഴുതുന്നത്, ചിഹ്നം ഉറപ്പിക്കൽ<br>Class-ൽ അക്ഷരമാല പ്രദർശനം<br>അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ് | ജൂൺ - ആഗസ്റ്റ് | അക്ഷരചാർട്ട് പാഠപുസ്തകം | BRC |
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | വീട്ടിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ to October | ഹിന്ദി നിഘണ്ടു | PTA, BRC |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം | ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ<br>ലൈബ്രറി<br>അധികവായന സാമഗ്രികൾ | നവംബർ to February | പുസ്തകങ്ങൾ | BRC<br>PTA |

Scanned with CamScanner

മേഖല :- സംസ്കൃതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| => എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>=> അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>=> കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>=> ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കുന്നതിനുള്ള അവസരം നൽകുക.<br>=> എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കാനാവുന്ന് ഉറപ്പ് വരുത്തുക. | => ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>=> പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>=> പതിപ്പുകൾ, മാഗസിനുകൾ<br>=> സംസ്കൃത ദിനാചരണം/ അസംബ്ലി.<br>=> വായനാമൂല, പദപയറ്റ് ചോദ്യോത്തര പയറ്റ് മാഗസിൻ നിർമ്മാണം. ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം<br>=> വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, സുഭാഷിതങ്ങൾ. | | | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| ⇒ ഭാഷാ ശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>⇒ ഭാഷാ ലാബ്. | ജീവിചരിത്ര കുറിപ്പുകൾ,<br>⇒ വിവിധ കലാ രൂപങ്ങളുടെ denonstratiom, | | | |

## മേഖല :- സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ എന്നിവ പരിശോധിക്കൽ, നേടിയെടുക്കൽ. | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷം | | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം. | | |
| 3. വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ | ചിലന്തി വലയിൽ നിന്ന് കുതിച്ചു ചാട്ടം<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ | | | |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലിസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപിക. | |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ? ഫീൽഡ് ട്രിപ്പ് പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവേ, റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം. | | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതു ചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെ നേരിടാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെത്തുന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | | |

Scanned with CamScanner

## മേഖല :- അടിസ്ഥാന ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ. | ജൈവ വൈവിധ്യ പാർക്ക്.<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം.<br><br>പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ നടത്തുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം. | | |
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | [illegible]<br>കുട്ടികളിൽ ശാസ്ത്രാവബോധം വർധിപ്പിക്കുന്നതിനായി ശാസ്ത്ര മാസികകൾ ഉൾപ്പെടുത്തി ശാസ്ത്ര ലൈബ്രറി. | | | |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>കളികളിലൂടെ അടിസ്ഥാനക്രിയകൾ (ചതുഷ്ക്രിയകൾ) ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (മുത്തുകൾ, നമ്പർ കാർഡ്, ഫ്ലാഷ് കാർഡ്... എന്നിവ ഉപയോഗിക്കുന്നു. | ജൂൺ ജൂലൈ | അധ്യാപകർ | |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കരകൗശല ശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല - ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | വർഷത്തിലൊരിക്കൽ | ഗണിത ക്ലബ്ബ് അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഗണിത ലാബ് സജ്ജമാക്കുന്നു. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തുന്നു. | | അധ്യാപകർ ഗണിത ക്ലബ്ബ് അംഗങ്ങൾ | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| 4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ടാൻഗ്രാം, ചതുഷ്ക്രിയകൾ, ഭിന്ന സംഖ്യകൾ, കോണുകൾ എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്നു. ജിയോജിബ്രയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. | മാസത്തിലൊരിക്കൽ | അധ്യാപകൻ | |
| 5. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകനും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകി പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിലൊരിക്കൽ | അധ്യാപകനും കുട്ടികളും. | |
| 6. ഗണിത ചിന്താശേഷി വളർത്തുന്നു. | കുസൃതിക്കണക്കുകൾ, പസിലുകൾ ക്വിസ് എന്നിവ നടത്തുന്നു. | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകൻ ഗണിത ക്ലബ്ബ് | |
| 7. വിവിധ ശേഷികളുടെ വികസനം | ഗണിത പതിപ്പുകൾ, ചാർട്ടുകൾ എന്നിവ നിർമ്മിക്കുന്നു. | എല്ലാ മാസവും | കുട്ടികൾ | |

Scanned with CamScanner